പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3250 | 3.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| 'നിർഭയ' പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.കെ. ബാലൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) 'നിർഭയ' പദ്ധതി സാമൂഹ്യക്ഷേമ വകുപ്പു മുഖേന സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ; | (എ)ഉണ്ട്. |
| (ബി) എങ്കിൽ, എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) നിർഭയ പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് തീരുമാനമാവുകയും എറണാകുളത്ത് അതിലൊന്ന് നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കുമായി തിരുവനന്തപുരത്ത് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിക്കുകയും എറണാകുളം, കോഴിക്കോട് ജില്ലകളിൽ 2 ഷെൽട്ടർ ഹോമുകൾ ഉടൻ തന്നെ തുടങ്ങുവാൻ തീരുമാനം ആവുകയും ചെയ്തിട്ടുണ്ട്. കേരളം മുഴുവൻ പഞ്ചായത്തുതല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ എടുത്തു വരുന്നു. പീഡനത്തിനിരയായവരുടെ അടിയന്തിര സേവനത്തിനായി ജില്ലാതല One Stop Crisis Cell 14 ജില്ലകളിലും തുടങ്ങുന്നതിന് തീരുമാനം ആയിട്ടുണ്ട്. |
| (സി) എന്നാണ് സംസ്ഥാനത്ത് ഈ പദ്ധതി ആരംഭിച്ചത് ; എത്ര പെൺകുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് ; | (സി) 13.3.2012 ലെ സ.ഉ(കൈ) 17/12/സാനീവ ഉത്തരവ് പ്രകാരം നിർഭയ പോളിസി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആരംഭിച്ച നിർഭയ ഷെൽട്ടർ ഹോമിൽ 16 പേർക്ക് സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ തലത്തിലുള്ള കൗമാരക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും പൊതു സമൂഹത്തിനും നിർഭയ പദ്ധതിയിലൂടെ ബോധവൽക്കരണ പരിപാടികളും നൽകിയിട്ടുണ്ട്. |
| (ഡി) ഈ പദ്ധതിക്ക് 2012-13 ബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര രൂപാ ചെലവഴിച്ചു; വ്യക്തമാക്കുമോ ? | (ഡി) നിർഭയ പദ്ധതിയ്ക്കായി 2012-13 വർഷം 130 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും 65/-ലക്ഷം രൂപ മാത്രമാണ് അനുവദിച്ചു് നൽകിയത്. ടി തുകയിൽ 50,000/- രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ